## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3458 19.10.2016-ൽ മറുപടിയ്ക്ക്

### ജല അതോറിറ്റി വാട്ടർ മീറ്ററുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി : | മാത്യു. ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ സംസ്ഥാനമാകെ ജല അതോറിറ്റി ഏതെല്ലാം ഇനം വാട്ടർ മീറ്ററുകൾ (കമ്പനികൾ തിരിച്ച്) സ്ഥാപിച്ചു വരുന്നു എന്നും ഇവയുടെ ഗുണനിലവാര പരിശോധന ആരാണ് നടത്തുന്നത് എന്നും വ്യക്തമാക്കുമോ; | എ കേരള കുടിവെള്ള വിതരണവും മാലിന്യ നിർമ്മാർജ്ജനവും നിയമം അനുസരിച്ച് ഐ.എസ്.ഐ മുദ്രയുള്ള ബി ക്ലാസ്സ് മീറ്ററുകൾ സ്ഥാപിക്കേണ്ടത് ഉപഭോക്താവാണ് ടി മീറ്ററുകൾ ജല അതോറിറ്റിയുടെ അതാത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധന നടത്തിയാണ് ഉപഭോക്താവിന് സ്ഥാപിക്കുവാൻ അനുമതി നൽകുന്നത്. ജല അതോറിറ്റിയുടെ ഉപഭോക്താക്കൾ താഴെപ്പറയുന്ന കമ്പനികളുടെ മീറ്ററുകളാണ് സാധാരണയായി ഉപയോഗിച്ചു വരുന്നത്.<br>1. ക്രാന്തി<br>2. ചമ്പൽ<br>3. കൊണാർക്ക്<br>4. അരിസ്റ്റോ<br>5. അക്യുറ<br>6. ധാർവേഷ്<br>7. ആനന്ദ്<br>8. അസ്ട്രാ<br>9. നാഷണൽ<br>10. ആനന്ദ് അസാഹി<br>11. ഡാഷ് മേഷ്<br>12. ഫ്ലോവെൽ<br>13. നെബ്സൺ<br>14. സിംഗിൾ അരിസ്റ്റോ ജെറ്റ്<br>15. അക്വ<br>16. ആഷി<br>17. രാംകോ<br>18. രാഹുൽ<br>19. തോഷി |

| | | | |
|---|---|---|---|
| ബി | പ്രസ്തുത വാട്ടർ മീറ്ററുകൾ സർക്കാർ തലത്തിലോ പൊതുമേഖലാ സ്ഥാപനങ്ങളോ നിർമ്മാണം നടത്തുന്നുണ്ടോ എന്നും അവയിൽ എത്ര എണ്ണം വാട്ടർ അതോറിറ്റി വാങ്ങി പൊതുജനങ്ങൾക്കു നല്കി എന്നും വ്യക്തമാക്കുമോ; | ബി | വാട്ടർ മീറ്ററുകൾ സർക്കാർ തലത്തിൽ നിർമ്മാണം നടത്തുന്നില്ല. കേരള കുടിവെള്ള വിതരണവും മാലിന്യ നിർമ്മാർജ്ജനവും നിയമമനുസരിച്ച് മീറ്ററുകൾ സ്ഥാപിക്കേണ്ടത് ഉപഭോക്താവായതുകൊണ്ട് ജല അതോറിറ്റി ടി മീറ്ററുകൾ വാങ്ങി ഉപഭോക്താവിന്/ പൊതുജനങ്ങൾക്ക് നൽകാറില്ല. |
| സി | മുൻസർക്കാർ കാലയളവിൽ വാട്ടർ അതോറിറ്റിയുടെ കീഴിൽ ഏതെല്ലാം കമ്പനികളുടെ (പൊതു/സ്വകാര്യ) വാട്ടർ മീറ്റർ സംസ്ഥാനമാകെ ഘടിപ്പിച്ച് വാട്ടർ റീഡിംഗ് നടത്തുന്നു എന്ന് വ്യക്തമാക്കുമോ; | സി | ഐ.എസ്.ഐ മുദ്രയുള്ള ഏതു കമ്പനിയുടേയും ബി ക്ലാസ് വാട്ടർ മീറ്ററുകൾ ഉപഭോക്താവിന്റെ താൽപ്പര്യാനുസരണം വാങ്ങി വരുന്നത് ജല അതോറിറ്റിയുടെ പരിശോധനയ്ക്ക് വിധേയമായി ഉപയോഗിക്കാനുള്ള അനുമതി നൽകി വരുന്നു. ആയത് അനുവദിച്ച മീറ്ററുകളിലെ റീഡിംഗ് എടുത്തു വരുന്നു. |
| ഡി | വാട്ടർ അതോറിറ്റിയുടെയോ, ജലവകുപ്പിന്റെയോ അധികാര പരിധിയിൽ വാട്ടർ മീറ്റർ നിർമ്മാണം നടത്തി ജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വാട്ടർ മീറ്റർ ലഭിക്കാൻ എന്തു നടപടി സ്വീകരിക്കും എന്നു വ്യക്തമാക്കുമോ? | ഡി | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ